## നല്ലദേശത്തിന്റെ ആസ്വാദനം കൃപ ആസ്വദിക്കുന്നതാണ്

### I. പഴയനിയമത്തിലെ യിസ്രായേൽമക്കളുടെ ചരിതം പുതിയനിയമ വിശ്വാസികളുടെ ഒരു മുൻകുറിയായി 1 കൊരിന്ത്യരിലും ആത്മികമായി നല്ലദേശത്തിന്റെ യാഥാർഥ്യം 2 കൊരിന്ത്യരിലുമാണുള്ളത്

- 2 കൊരിന്ത്യരിലെ കേന്ദ്രീയ ചിന്തയും വിഷയവും കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയായതിനാൽ നല്ലദേശത്തിന്റെ യാഥാർഥ്യം ദിവ്യ കൃപ എന്ന നിലയിൽ ക്രിസ്തു തന്നെയാണ്
- ദൈവഭവനവും ദൈവരാജ്യവുമായ സഭയുടെ കെട്ടുപണിക്കുവേണ്ടി നമുക്കു നൽകപ്പെട്ട ആത്മാവെന്ന നിലയിൽ ക്രിസ്തുവിലുള്ള ദൈവമാണ് കൃപ

## ക്രിസ്തുവിനെ ആസ്വദിക്കുവാനുള്ള പ്രായോഗിക മാർഗ്ഗം

### II. ദൈവത്തിന്റെ ദൃഷ്ടിയിൽ, നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ ആസ്വദിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ഒരു ജീവിതം എങ്ങനെ നയിക്കാമെന്ന് നാം കാണണം

- നാം ക്രിസ്തുവിനെ വ്യക്തിപരമായി ആസ്വദിക്കുകയും, അവന്റെമേൽ അധ്വാനിക്കുകയും ചെയ്യുന്ന ഒരു ജീവിതം നയിക്കണം. നാം ക്രിസ്തുവിനെ ആസ്വദിക്കണം എന്നതാണ് ദൈവത്തിന്റെ ഹിതം.
- കർത്താവിനെ ആരാധിക്കുവാൻ നാം യോഗങ്ങളിലേക്കു വരുമ്പോൾ, ഒഴിഞ്ഞ കൈകളുമായി വരരുത്.
- നാം ജയാളികളായിരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ നമ്മുടെ ആസ്വാദനമായി നേടുന്നതിന് നമ്മുടെ നല്ലദേശമായ ക്രിസ്തുവിന്മേൽ നാം അധ്വാനിക്കണം. അതിനായ്:
    - ഓരോ പ്രഭാതത്തിലും നമ്മെത്തന്നെ ആത്മാർഥമായി അവന് സമർപ്പിക്കണം
    - അവനുമായി എല്ലാ ദിവസവും സ്വകാര്യമായും രഹസ്യമായും നാം സമയം ചെലവഴിക്കണം
    - അതിരാവിലെ തന്നെ വചനത്തിൽ കർത്താവിനെ നാം ആസ്വദിക്കണം
    - നാം പാപങ്ങളോട് സമഗ്രമായി ഇടപെടണം
    - അവനുമായ് നിമിഷംപ്രതി കൂട്ടായ്മ നിലനിർത്തണം
    - വചനത്താൽ സാന്ദ്രീകരിക്കപ്പെടുവാനും കുതിർക്കപ്പെടുവാനും ആത്മാവിൽ നിറഞ്ഞവരായിരിക്കുവാനും നമ്മുടെ സമയത്തെ നാം വീണ്ടെടുക്കണം
    - നമ്മുടെ ആത്മാവിനാൽ നാം ഭരിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും നയിക്കപ്പെടുകയും വേണം
    - ക്രിസ്തുവിന്റെ വ്യക്തിയിലും സാന്നിധ്യത്തിലും അവന്റെ മുഖത്തിനു മുമ്പാകെയും നാം ജീവിക്കണം
    - പരിശുദ്ധാത്മാവിന്റെ തകർക്കുകയും സംരചിക്കുകയും ചെയ്യുന്ന വേല അനുഭവമാക്കണം

## ക്രിസ്തുവിന്റെ പ്രദർശനത്തിനായ് ഒന്നിച്ചു കൂടിവരണം

### III. ക്രിസ്തുവിന്റെ ഒരു പ്രദർശനം ഉണ്ടായിരിക്കുവാൻ നാം ഒന്നിച്ചു കൂടിവരണം

- എല്ലാവരും ക്രിസ്തുവിനാൽ നിറയുകയും ക്രിസ്തുവിനെക്കൊണ്ട് ശോഭിക്കുകയും അവർ അധ്വാനിച്ച ക്രിസ്തുവിനെ ഒന്നിച്ചു കൂടി പ്രദർശിപ്പിക്കുകയും ചെയ്യുമ്പോഴാണ് അവന്റെ ജനത്താലുള്ള യഥാർഥ ദൈവാരാധന ഉണ്ടാകുന്നത്

## അവൻ തിരഞ്ഞെടുത്ത സ്ഥലത്തു ഒന്നിച്ചു കൂടിവരണം

### IV. സംഘാതമായ ആരാധനയ്ക്കായി കർത്താവ് തിരഞ്ഞെടുത്തിരിക്കുന്ന സ്ഥലം—നമ്മുടെ ആത്മാവും നിസ്തുലമായ ഒരുമയുടെ അടിത്തറയും

- ഒന്നാമത്, ദൈവത്തിന്റെ വിശുദ്ധമന്ദിരം, നമ്മുടെ ആത്മാവിലാണ്, രണ്ടാമത്, അത് സഭയാണ്
- ഒരുമയുടെ യഥാർഥ അടിത്തറയിന്മേൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ നിസ്തുലമായ ഒരുമയെ നാം കാക്കണം. അവിടെ നാം കർത്താവിനെ അഭിഷേക തൈലമായും ഉന്മേഷം നൽകുന്ന മഞ്ഞായും കല്പിക്കപ്പെട്ട ജീവന്റെ അനുഗ്രഹമായും ആസ്വദിക്കുന്നു
- കർത്താവ് തിരഞ്ഞെടുത്ത സ്ഥലത്തിന്റെ നാലു സവിശേഷതകൾ:
    - ക്രിസ്തുവിന്റെ നാമം മാത്രമുള്ള ഇടം
    - ആത്മാവിന്റെ വ്യായാമത്താൽ നിറഞ്ഞ ഇടം
    - ക്രിസ്തുവിന്റെ സമ്പത്തിന്റെ ആസ്വദനമുള്ള ഇടം.
    - സന്തോഷത്തിന്റെ ഇടം

## നല്ല ദേശമായ ക്രിസ്തുവിന്റെ ആസ്വാദനത്തിന്റെ ഫലം

### V. ആലയമെന്ന നിലയിൽ ദൈവത്തിന്റെ വാസസ്ഥലമായ സഭയും, നഗരം എന്ന നിലയിൽ ദൈവത്തിന്റെ രാജ്യവും

- ആലയത്തോടും നഗരത്തോടുംകൂടിയ ക്രിസ്തുവിന്റെ നിറവായ, അവന്റെ ശരീരമായ സഭ) ദേശമാണ് (ക്രിസ്തു താൻതന്നെ) ദൈവത്തിന്റെ പദ്ധതിയുടെ കേന്ദ്രം
- അവന്റെ വാസസ്ഥലമായ ദൈവഭവനത്തിന്റെ പ്രധാന വശങ്ങൾ ദൈവത്തിന്റെ സാന്നിധ്യത്തെക്കുറിച്ച് സംസാരിക്കുന്നു. ദൈവത്തിന്റെ ഭവനം:
    - ദൈവത്തിന്റെ സാന്നിധ്യത്തിന്റെ / ദൈവത്തിന്റെ മഹത്വവും, സൗന്ദര്യവും, സമ്പത്തും ആയ / വെളിപാടിന്റെയും ദൈവത്തിന്റെ ഉത്തരത്തിന്റെയും / നമ്മുടെ അഭയമായ / നമ്മെ നടുകയും നാം തഴയ്ക്കുകയും ഫലം കായ്ക്കുകയും ചെയ്യുന്നതായ / ഉറവുകളുടെ / നമ്മെ ബലപ്പെടുത്തുന്ന / നാം ദൈവവുമായി ഇഴുകിച്ചേരുന്ന / ദൈവം നമ്മുടെ ഓഹരി ആയിരിക്കുന്നതായ സ്ഥലമാണ്
- ദൈവത്തിന്റെ നഗരത്തിന്റെ പ്രധാന വശങ്ങൾ ദൈവത്തിന്റെ അധികാരത്തെക്കുറിച്ച് സംസാരിക്കുന്നു. ദൈവത്തിന്റെ നഗരം:
    - ഉറപ്പുള്ള നഗരം, മഹാരാജാവിന്റെ നഗരം ആയ / സന്തോഷിപ്പിക്കുന്ന തോടുകളോടുകൂടിയ ഒരു നദിയുള്ള / ദൈവം അവളിൽ അറിയപ്പെടുകയും, അവളിൽ ഒരു ഉയർന്ന ദുർഗവുമായ / ശത്രുവിന് ഒരു ഭയഹേതുവായ / സൗന്ദര്യത്തിന്റെ പൂർണതയായ / ദൈവത്തിന്റെ സുപ്രസാദത്തിന്റെ ലക്ഷ്യമായ / ന്യായവിധിയുടെ സിംഹാസനങ്ങൾ സ്ഥാപിച്ചിരിക്കുന്ന / കർത്താവ് അവളിൽനിന്ന് മറ്റുള്ളവരെ അനുഗ്രഹിക്കുകയും അവളിൽനിന്ന് വാഴ്ത്തപ്പെടുകയും ചെയ്യുന്ന നഗരമാണ്

## ആസ്വാദനത്തിന്റെ ആത്യന്തിക ഫലം

### VI. ത്രിഭാഗീയ ജനത്തോടുകൂടെയുള്ള ത്രിയേക ദൈവത്തിന്റെ ദിവ്യ-മനുഷ്യ സംയോജനം